# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

2007 ഏപ്രിൽ 27 വെള്ളി


## സെക്രട്ടറി തെരഞ്ഞെടുപ്പ്: മെയ് രണ്ടിന്

കോട്ടയം: അടുത്ത അഞ്ചു വർഷത്തേയ്ക്കുള്ള മലങ്കര അസോസിയേഷൻ സെക്രട്ടറിയെ മെയ് രണ്ടിനു തിരഞ്ഞെടുക്കും. പഴയസെമിനാരിയിലെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ഹാളിലാണ് തിരഞ്ഞെടുപ്പ് നടക്കുക.

പിന്മാറാനുള്ള സമയം അവസാനിച്ചതോടെ അഡ്വ: ബിജു ഉമ്മൻ, ഡോ: ജോർജ്ജ് ജോസഫ്, ഡോ. റ്റി. എ. ജോർജ്, ജേക്കബ് ഡാനിയേൽ, അഡ്വ: ജോസഫ് ജോൺ, എം. എം. സഖറിയ എന്നിവരാണ് സ്ഥാനാർത്ഥിപട്ടികയിലുള്ളത്. ഇവരിൽ ഡോ. റ്റി. എ. ജോർജ് ഒഴികെയുള്ളവർ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ്.

ജസ്റ്റീസ് ജോൺ മാത്യുവാണ് രഹസ്യബാലറ്റിലൂടെ നടത്തുന്ന തിരഞ്ഞെടുപ്പിലെ വരണാധികാരി. മാനേജിംഗ് കമ്മറ്റിയംഗങ്ങളെ കൂടാതെ വർക്കിംഗ് കമ്മറ്റി, സുന്നഹദോസ് അംഗങ്ങൾക്കും വോട്ടവകാശമുണ്ട്.

## ജനഹിതം മാനിച്ച പീലാത്തോസിന്റെ ഉത്തരവ് ഇഢ്യൻ ജുഡീഷറിയ്ക്ക് ഉതകുമോ?: അത്മായവേദി

കോട്ടയം: സമീപകാലത്ത് ഇൻഡ്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ മദ്ധ്യസ്ഥനായ ബഹു: സുപ്രീംകോടതി ഉൾപ്പെടെ എല്ലാ കോടതികളേയും പൊതുവേദിയിൽ പരസ്യമായി വിമർശിക്കാനും, ഉത്തരവുകളെ ലംഘിക്കാനും ചില രാഷ്ട്രീയ പ്രമുഖരും സഭാപിതാക്കന്മാരും തയ്യാറാവുന്നതിൽ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രധിഷേധിച്ചു. ഇത്തരം വിമർശനങ്ങൾ ഇൻഡ്യയുടെ അഖണ്ഡതയെ തകർക്കാനുള്ള വൈദേശിക തന്ത്രമാണെന്നും സെക്രട്ടറിയേറ്റ് യോഗം വിലയിരുത്തി.

ഈ രാജ്യത്തെ നിയമസംഹിതയ്ക്കും ഭരണഘടനയ്ക്കും വിധേയപ്പെട്ടുള്ള ഉത്തരവുകൾ തങ്ങളുടെ വൈദേശിക നേതാക്കളെ പ്രീണിപ്പിക്കാൻ ഉതകുന്നവയല്ലെന്നതിനാലാണ് ഇത്തരം വിലകുറഞ്ഞ വിമർശനങ്ങൾ പുറപ്പെടുവിക്കുന്നത്. ഒരു പ്രദേശത്തെയോ ഒരു സംഘടനയുടെയോ, പ്രസ്ഥാനത്തിന്റെയോ ഭൂരിപക്ഷവും, ഹിതവും നോക്കിയല്ല കോടതി ഉത്തരവ്. കായികബലവും- സംഘടിത കൈയേറ്റവും നടത്തി ഭീഷണിയിലൂടെ ഉത്തരവ് വാങ്ങി വിരാജിച്ചിട്ടുള്ളവരാണ് ഇന്നത്തെ ഉത്തരവുകളെ വിമർശിക്കുന്നത്.

ജനഹിതം മാനിച്ച് പീലാത്തോസ്സ് ഒരു കുറ്റവും കാണാതെ ക്രിസ്തുവിനെ ക്രൂശിക്കാനുള്ള ഉത്തരവിട്ടപ്പോൾ അന്നത്തെ പ്രധാന പുരോഹിതന്മാരും, പരീശന്മാരും സന്തോഷചിത്തരായി. ഇൻഡ്യൻ ജുഡീഷറിയുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന സഭാമേലദ്ധ്യക്ഷന്മാരുടെ പേരിൽ കോടതിഅലക്ഷ്യനടപടി എടുത്ത് തുറുങ്കിലടക്കണം. തോമസ് പ്രഥമൻ മഫ്രിയാനയ്ക്ക് സഭ വിട്ട് പുതിയ സഭ ഉണ്ടാക്കി പ്രവർത്തിക്കുന്നതിന് കോടതിയോ, മലങ്കരസഭയോ തടസ്സമാവുന്നുമില്ല. അങ്ങനെയിരിക്കെ സഭവക സ്ഥാപനങ്ങൾ കൈയ്യേറാനുള്ള അദ്ദേഹത്തിന്റെ അഭിനിവേശം ക്രൈസ്തവമല്ല എന്ന് യോഗം വിലയിരുത്തി.

പ്രസിഡണ്ട് കെ. വി. ഏബ്രഹാം, എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട്, ഫീലിപ്പോസ്സ് പോട്ടയ്ക്കാവയലിൽ തുടങ്ങിയവർ പ്രസംഗിച്ചു.

## ‘ദുഃഖത്തിന്റെ പാനപാത്ര’വും എം. സി. കുറിയാക്കോസ് റമ്പാച്ചനും

### ജോയ്സ് തോട്ടയ്ക്കാട്

മലയാള സുവിശേഷഗാനങ്ങളിൽ അതിപ്രശസ്തമായ ‘ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കൈയിൽ തന്നാൽ’ എന്ന ഗീതം പ്രശസ്ത സുവിശേഷ ഗാനരചയിതാവായ മൂത്താമ്പാക്കൽ കൊച്ചുകുഞ്ഞുപദേശിയുടേതാണെന്ന് എല്ലാവർക്കുമറിയാം. 1883 – 1945 കാലഘട്ടത്തിൽ ജീവിച്ചിരുന്ന അദ്ദേഹം ജീവിതത്തിൽ അതികഠിനമായ കഷ്ടതയുടെ തീച്ചൂളയിൽ കൂടി കടന്നുപോയിട്ടുണ്ട്. തന്റെ രണ്ടാമത്തെ മകൻ മരിച്ചുപോയതിനെക്കുറിച്ച് ഓർത്ത ഒരു സന്ദർഭത്തിൽ കഠിനമായ സങ്കടത്താൽ അദ്ദേഹം രചിച്ചതാണ് ഈ ഗാനമെന്നാണ് മലയാള സുവിശേഷഗാനങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുള്ള ഗവേഷകരെല്ലാവരും ഒരുപോലെ പറയുന്നത്. പക്ഷേ, ഈ ഗാനം ഓർത്തഡോക്സ് സഭാ സെക്രട്ടറിയായിരുന്ന മരിച്ചുപോയ എം. സി. കുറിയാക്കോസ് റമ്പാച്ചനും സഭാകവി സി. പി. ചാണ്ടിയും ചേർന്ന് രചിച്ചതാണെന്നാണ് ഇംഗ്ലണ്ടിൽ താമസിക്കുന്ന റമ്പാച്ചന്റെ ഒരു ബന്ധു ഇപ്പോൾ പറയുന്നത്. റമ്പാച്ചനും സഭാകവിയും കൂടി പാത്താമുട്ടത്ത് സമ്മേളിച്ചതിന്റെ ഫലമായിയാണ് ‘പ്രാർത്ഥനായോഗമിത്രം’ എന്നൊരു ഗ്രന്ഥം മലങ്കരസഭയ്ക്ക് ലഭിച്ചത്. ഈ ഗ്രന്ഥത്തിനു വേണ്ടി എന്തെല്ലാം രചനകളാണ് സി. പി. ചാണ്ടി സാർ നടത്തിയെന്നതിനെക്കുറിച്ച് ഇതുവരെ പഠനങ്ങളൊന്നും നടന്നിട്ടില്ല. ‘പ്രാർത്ഥനായോഗമിത്ര’ത്തിന്റെ ആദ്യപതിപ്പ് കണ്ടെത്തി പഠനം നടത്തിയാലേ ചാണ്ടി സാറിന്റെ സംഭാവനകൾ എന്താണെന്നു കണ്ടെത്താൻ കഴിയുകയുള്ളു. ചാണ്ടിസാറിന്റെ സംഭാവനകളെകുറിച്ച് ഗവേഷണപഠനം നടത്തിയിട്ടുള്ള ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. റ്റി. എ. ഇടയാടി, ജോയ്സ് തോട്ടയ്ക്കാട് എന്നിവരൊന്നും ‘ദുഃഖത്തിന്റെ പാനപാത്രം’ ചാണ്ടി സാർ രചിച്ചതായി കണ്ടെത്തിയിട്ടില്ല. എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ ജീവചരിത്രം ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. തന്മൂലം റമ്പാച്ചന്റെ സംഭാവനകളെന്താണെന്ന് ഇതുവരെ സഭാംഗങ്ങൾക്ക് അറിയാൻ ഇടയായിട്ടുമില്ല. ‘പ്രാർത്ഥനായോഗമിത്ര’ത്തിന്റെ കോട്ടയം ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച ഒരു പതിപ്പ് എന്റെ കൈവശമുണ്ട്. ഗ്രന്ഥത്തിന് റമ്പാച്ചൻ എഴുതിയ മുഖവുര അതിലുള്ളതുകൊണ്ട് ആദ്യ പതിപ്പിന്റെ പിന്നീട് പ്രസിദ്ധീകരിക്കപ്പെട്ട റീപ്രിന്റുകളിൽ ഒന്നാണതെന്ന് ഊഹിക്കാം.

“ഈ പുസ്തകത്തിലെ സഭാഗീതങ്ങളുടെയും പുതിയ പാട്ടുകളുടെയും രചനയിൽ ശ്രീ. സി. പി. ചാണ്ടി അവർകളോടു ഞാൻ കൃതജ്ഞതാപൂർവ്വം കടപ്പെട്ടിരിക്കുന്നു - എം. സി. കെ.” എന്നൊരു കുറിപ്പ് രണ്ടാം പേജിൽ കാണുന്നുണ്ട്.

ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തെ പ്രാർത്ഥനകളും ലുത്തിനിയാകളും മറ്റും റമ്പാച്ചൻ രചിച്ചതാണെന്ന് കരുതാം. രണ്ടാം ഭാഗത്ത് സുവിശേഷഗാനങ്ങളാണ് കൊടുത്തിരിക്കുന്നത്. അന്ന് പ്രചാരത്തിലിരുന്ന പ്രശസ്ത സുവിശേഷഗാനങ്ങളെല്ലാം ചേർത്തിട്ടുണ്ട്. പാട്ടുകൾക്കെല്ലാം ശീർഷകങ്ങൾ കൊടുത്തിട്ടുണ്ട്. 20 വരികളുള്ള ‘ദുഃഖത്തിന്റെ പാനപാത്രം’ എന്ന ഗാനവും ഈ കൃതിയിലുണ്ട് (ഈ പാട്ടിന്റെ 8 വരികൾ മാത്രമാണ് പല പാട്ടുപുസ്തകങ്ങളിലും കാണുന്നത്. ചില പുസ്തകങ്ങളിൽ 20 വരികളുമുണ്ട്.)

‘ഒരു സഭാ പൊതു ഗീതം’ എന്ന ശീർഷകത്തിൽ ‘സ്വർഗ്ഗരാജ്യ - സിംഹാസനമേറി - സ്ഥിതി ചെയ്യുന്നവനേ’ എന്ന ഗാനം ഇതിൽ കൊടുത്തിട്ടുണ്ട്. ഈ ഗാനം ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത് ‘പ്രാർത്ഥനായോഗമിത്ര’ത്തിൽ ആയിരിക്കാൻ സാദ്ധ്യതയുണ്ട്. ‘രോഗികൾക്കു വേണ്ടിയുള്ള പ്രാർത്ഥന’ എന്ന ശീർഷകത്തിൽ ‘കരുണക്കടലേ ഞാൻ നോക്കും ദേവാ തനയാ എൻ പാപം പെരുകി പിഴകൾ വർദ്ധിച്ചയ്യയ്യോ’ എന്ന ഗാനം കൊടുത്തിട്ടുണ്ട്. ഈ ഗാനത്തിന്റെ ഗദ്യ വിവർത്തനവും കൊടുത്തിട്ടുണ്ട്. ഈ ഗാനവും ‘പ്രാർത്ഥനായോഗമിത്ര’ത്തിലാണ് ആദ്യം പ്രസിദ്ധീകരിക്കപ്പെട്ടതെന്ന് തോന്നുന്നു.

റമ്പാച്ചന്റെ ബന്ധു ഈ ഗാനം ‘ദുഃഖത്തിന്റെ പാനപാത്ര’മായി തെറ്റിദ്ധരിച്ച് മനസ്സിലാക്കിയതാവാനും സാദ്ധ്യതയുണ്ട്. ‘കരുണക്കടലേ’ എന്ന ഈ ഗാനം ഇപ്പോൾ ചില കുരിശിൻതൊട്ടികളിൽ സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം കൈമുത്ത് നടത്തുമ്പോൾ പാടാറുണ്ട്.

ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ വിവാദത്തിന്റെ പശ്ചാത്തലത്തിലെങ്കിലും റമ്പാച്ചന്റെ ഒരു ജീവചരിത്രം എന്ന ലക്ഷ്യത്തിലേക്ക് അദ്ദേഹത്തിന്റെ ബന്ധുക്കൾ എങ്കിലും തിരിഞ്ഞിരുന്നെങ്കിൽ എന്നാശിക്കുകയാണ്. റമ്പാച്ചന്റെ അതേ പേരുകാരനായ പഴയസെമിനാരി മാനേജർ എം. സി. കുറിയാക്കോസ് അച്ചൻ ഇത്തരമൊരു ഗ്രന്ഥം തയ്യാറാക്കി പ്രസിദ്ധീകരിക്കണമെന്ന് എന്നോടും ശ്രീ. കെ. വി. മാമ്മനോടുമൊക്കെ പല പ്രാവിശ്യം പറഞ്ഞുവെങ്കിലും ഇതുവരെ അതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടില്ല. പഴയ സഭാപ്രസിദ്ധീകരണങ്ങളിൽ ചിതറിക്കിടക്കുന്ന അദ്ദേഹത്തിന്റെ രചനകൾ തന്നെ ഏറെയുണ്ട്. അവ സമാഹരിച്ച് പ്രസിദ്ധീകരിക്കുന്ന കാര്യത്തിലും ബന്ധുക്കളുടെ സഹകരണം ആവശ്യമാണ്. ഈയിടെ എന്റെ കൈവശമുള്ള പഴയ ചർച്ച് വീക്ക്ലികൾ പരിശോധിച്ചപ്പോൾ റമ്പാച്ചന്റെ ആത്മകഥാപരമായ ഒരു ലേഖനം കാണുകയുണ്ടായി. പരിശുദ്ധനായ ഗീവർഗീസ് പ്രഥമൻ ബാവായുടെ (വള്ളിക്കാട്ട് ബാവാ) ജീവിതം സ്വാധീനിച്ചതു മൂലമാണ് അദ്ധ്യാപകജോലി രാജി വച്ച് താൻ വൈദിക വൃത്തിയിലേക്ക് തിരിഞ്ഞതെന്ന് ആ ലേഖനത്തിൽ അദ്ദേഹം പറയുന്നു.

## സെക്രട്ടറി തിരഞ്ഞെടുപ്പ്

**മെയ് 2 ന് കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നടക്കുന്ന അസോസിയേഷൻ സെക്രട്ടറി തിരഞ്ഞെടുപ്പ് വാർത്തകൾ തത്സമയം അറിയുവാൻ അൽമായവേദിയുടെ വെബ്സൈറ്റ് സന്ദർശിക്കുക.**

**2-5-2007 രാവിലെ 11 മണി മുതൽ (ഇന്ത്യൻ സമയം) ഓരോ മണിക്കൂർ ഇടവിട്ട് അൽമായവേദി ന്യൂസ് ബുള്ളറ്റിനിന്റെ പ്രത്യേക പതിപ്പുകൾ ഉണ്ടായിരിക്കുന്നതാണ്.**

**അൽമായവേദിയുടെ വെബ്സൈറ്റ് സന്ദർശിക്കുകയും ഈ സൗകര്യം സൗജന്യമായി പ്രയോജനപ്പെടുത്തുകയും ചെയ്യുവാൻ താല്പര്യപ്പെടുന്നു.**

**ജോയ്സ് തോട്ടയ്ക്കാട്**
**(വെബ് കോ-ഓർഡിനേറ്റർ)**
**ഓർത്തഡോക്സ് അൽമായവേദി**

“തിന്മയുടെ ഉത്ഭവം സ്വഭാവത്തിലല്ല. സാത്താന്റെ പോലും സ്വഭാവം തിന്മയിലല്ല ഉല്പാദിതമായത്. നന്മയുടെ പ്രസരമായി സൃഷ്ടിക്കപ്പെട്ടവനാണ് പ്രഭാകരൻ അല്ലെങ്കിൽ ലൂസിഫർ (Lucifer) എന്നു വിളിക്കപ്പെടുന്ന സാത്താൻ. സൃഷ്ടമായ സ്വഭാവത്തിൽ നിന്നല്ല തിന്മയുടെ ഉത്ഭവം. എന്നാൽ ലൂസിഫറിനെന്നപോലെ മനുഷ്യനും നല്കപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യം നന്മയെ പരിത്യജിച്ച് തിന്മയെ ആശ്ലേഷിക്കുവാനുള്ള സാധ്യത, മനുഷ്യനും മറ്റു സൃഷ്ടികൾക്കും നൽകുന്നു. സ്വതന്ത്രസൃഷ്ടികൾ തങ്ങളുടെ സ്വയം നിർണ്ണായകശക്തി ഉപയോഗിച്ച് നന്മയെ ആശ്ലേഷിക്കേണ്ടുന്നവരാണ്. അല്ലാതെ നന്മയോട് ബദ്ധന്മാരായിട്ടല്ല അവരുടെ അസ്തിത്വം നൽകപ്പെട്ടിട്ടുള്ളത്. നന്മയുമായുള്ള ബന്ധം സ്വയം വിച്ഛേദിക്കാനുള്ള ശക്തി സ്വാതന്ത്ര്യത്തിന്റെ അവശ്യഘടകമാണ്. ആ ശക്തി ഉപയോഗിച്ച് ഉണ്മയുടെയും നന്മയുടെയും വിപരീതമായ ഇല്ലായ്മയും തിന്മയും സൃഷ്ടിക്കാനുള്ള ശക്തിയും സ്വാതന്ത്ര്യത്തിൽ ദത്തമാണ്. ഈ സ്വാതന്ത്ര്യമുപയോഗിച്ച് സൃഷ്ടി സൃഷ്ടിക്കുന്നതാണ് തിന്മ.” **- പൗലോസ് മാർ ഗ്രിഗോറിയോസ്**

## സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന

**ദൈവപുത്രാ, വിശുദ്ധ സഭയ്ക്കു നിരപ്പു കൊടുക്കുകയും അതിൽ നിന്നു ദുഷ്ട ഭിന്നതകളെയും പിരിച്ചിലുകളെയും ഇല്ലാതാക്കുകയും ചെയ്യണമെ. തർക്കങ്ങൾ ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം അതിന്റെ വാതിലുകളെ നിന്റെ സ്ലീബായാൽ മുദ്ര വയ്ക്കണമെ. തർക്കക്കാരുടെ കലഹി പ്പിക്കുന്ന തർക്കം അതിൽ പ്രവേശിക്കയും അരുതേ.**

**മ്ശിഹാരാജാവേ, വിശുദ്ധസഭ നിന്നാൽ ഉയർത്തപ്പെടു കയും അതിലെ തലവന്മാരും ശുശ്രൂഷകന്മാരും നിരപ്പാക്ക പ്പെടുകയും ചെയ്യണമെ.**

**കർത്താവേ, വിശുദ്ധ സഭയിൽ സമാധാനം വർദ്ധിക്കയും അതിന്റെ കൂട്ടം ആർപ്പുവിളിക്കയും, അതിന്റെ മക്കൾ സന്തോഷിക്കയും, അതിന്റെ തല ഉയർത്തപ്പെടുകയും, അതിന്റെ മഹത്വം വർദ്ധിക്കയും, അതിന്റെ കിരീടത്തിന് ഉന്നതി ലഭിക്കയും, അതിന്റെ മടി നിറയുകയും, അതിന്റെ മക്കൾ വർദ്ധിക്കയും, അതിന്റെ ശത്രുക്കൾ വീണുപോകയും ചെയ്യണമെ. അതിന്റെ ശത്രുക്കൾ ലജ്ജിക്കയും, അതിന്റെ മക്കളിൽ അത് സന്തോഷിക്കയും, അതിന്റെ കൂട്ടങ്ങളിൽ അത് ആനന്ദിക്കയും, അതിന്റെ ഭരണക്കാരിൽ അത് ഇമ്പപ്പെടുകയും ചെയ്യുമാറാകണമെ. അതിനെ പുതുതാക്കുന്നവർ മഹത്വത്തിന്റെ ശബ്ദങ്ങളാൽ അതിൽ സ്തുതിപാടുമാറാകണമെ.**

**ഞങ്ങളുടെ കർത്താവെ, നാനാഭാഗങ്ങളിലുള്ള നിന്റെ സഭയെ നീ നിരപ്പാക്കണമെ. തിരുവിഷ്ടപ്രകാരം അതിനെ ശുശ്രൂഷിക്കുന്ന ഇടയന്മാരെ അതിൽ നിയമിക്കണമെ. സത്യപ്രകാശം അതിൽ ശോഭയോടെ പ്രകാശിക്കണമെ. അതു പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ സ്തോത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാനായിട്ടു സന്തോഷ ങ്ങളുടെ മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും അതിനു നീ കൊടുക്കണമെ, ആമ്മീൻ.**

**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi**
**(Reg. No. K 713/2005), PB No. 652, Kottayam Editor: Joice Thottackad**